**പതിമുന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3428** **14-10 -2011 ന് മറുപടിക്ക്**

## പറമ്പിക്കുളത്തെ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ: | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളത്ത് വിവിധ കോളനികളിലായി താമസിക്കുന്ന ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം സ്ഥലം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) വനാവകാശ നിയമത്തിലെ സെക്ഷൻ 4(3) പ്രകാരം 13-12-2005 തീയതിക്ക് മുൻപ് വനഭൂമി കൈവശം വച്ചിരിക്കുന്ന ആദിവാസികൾക്ക് പ്രസ്തുത സ്ഥലം അവകാശപ്പെട്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച വകുപ്പിനുസരിച്ച് പറമ്പിക്കുളത്തെ ആദിവാസികൾക്ക് അവർ കൈവശം വച്ചിരിക്കുന്ന വനഭൂമിക്ക് കൈവശാവകാശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ പൂപ്പാറ, എർത്ത്ഡാം, കുരിയാർകുറ്റി, |

---------2

കാടാസ്, സുങ്കം, അഞ്ചാം കോളനി എന്നിങ്ങനെ 6 ആദിവാസി കോളനികൾ ആണ് ഉള്ളത്. ഇതിൽ അഞ്ചാം കോളനി പൂപ്പാറ എന്നിവിടങ്ങളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി ആദിവാസികൾക്ക് കൈവശാവകാശരേഖ നൽകി കഴിഞ്ഞു. സുങ്കം, കുറിയാർകുറ്റി കോളനികളിൽ 50 ശതമാനം ആദിവാസികൾക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് കൈവശാവകാശരേഖ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എർത്ത് ഡാം, കാടാസ് കോളനികളിൽ കൈവശാവകാശ രേഖ നൽകുന്നതിന് സർവ്വേ നടപടികൾ പൂർത്തിയാക്കി ആയത് സബ്ഡിവിഷണൽ കമ്മിറ്റി മുൻപാകെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ